പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2444 18. 07. 2011 ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) | വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് എത്ര പേർ തൊഴിലിനായി കാത്തിരിക്കുന്നുണ്ട്; | (എ) | 42,44,452 പേർ തൊഴിലിനായി കാത്തിരിക്കുന്നുണ്ട്. (31/03/2011 വരെ) |
| (ബി) | ഏതെല്ലാം വകുപ്പ്/കമ്പനി/ കോർപ്പറേഷനുകളിലാണിപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നത്; | (ബി) | കേരളത്തിലെ എല്ലാ സർക്കാർ വകുപ്പുകളിലും, കോർപ്പറേഷനുകളിലും സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനികളിലും പി.എസ്.സി.ലിസ്റ്റ് ഇല്ലാത്ത അവസരങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലിസ്റ്റ് നൽകുന്നു. സ്പെഷ്യൽ റൂൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന താൽക്കാലിക/സ്ഥിരം നിയമനങ്ങൾക്കും ലിസ്റ്റ് നൽകുന്നുണ്ട്. സ്വകാര്യ ഉദ്യോഗദായകർ അറിയിക്കുന്ന ഒഴിവുകളിൽ ഉദ്യോഗദായകന്റെ വിശ്വാസ്യത പരിഗണിച്ച് ലിസ്റ്റ് നൽകാറുണ്ട്. |
| (സി) | പി.എസ്.സി. ലിസ്റ്റുകൾ നിലവിലില്ലാത്തതും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ്. |

Bijumon

സെക്ഷൻ ഓഫീസർ